<u>ഭരണഭാഷ-മാതൃഭാഷ</u>

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

**സി.ജി.എ.സി/37618/2013** **തീയതി : 29/07/2017**

## <u>സർക്കുലർ</u>

**വിഷയം:** സി.ജി & എ.സി - സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ കരിയർ ദിനാഘോഷം സംഘടിപ്പിക്കുന്നത്- നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

1990 ആഗസ്റ്റ് ഒന്നാം തീയതി സംസ്ഥാനത്ത് ആദ്യമായി ഹയർ സെക്കന്ററി ക്ലാസ്സുകൾ ആരംഭിച്ചു. ആയതിനാൽ എല്ലാ വർഷവും ആഗസ്റ്റ് ഒന്നാം തീയതി സംസ്ഥാനത്തെ എല്ലാ ഹയർ സെക്കന്ററി വിദ്യാലയങ്ങളും ***കരിയർ ഡേ*** ആയി ആഘോഷിക്കുന്നു.

2017 ആഗസ്റ്റ് ഒന്നാം തീയതി കരിയർ ദിനാഘോഷത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ഹയർ സെക്കന്ററി വിദ്യാലയങ്ങളിലെ ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് ***കരിയർ ഗോൾ സെറ്റിംഗ്*** എന്ന വിഷയത്തിൽ ആ സ്കൂളുകളിൽ കരിയർ ഗൈഡ് ആയി പ്രവർത്തിക്കുന്ന അദ്ധ്യാപകരോ, കരിയർ ഗൈഡ് അദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ പ്രിൻസിപ്പാൾ നിർദ്ദേശിക്കുന്ന അദ്ധ്യാപകരോ ഒരു മണിക്കൂർ നീണ്ടു നിൽക്കുന്ന ക്ലാസ് നൽകേണ്ടതാണ്. എന്തെങ്കിലും കാരണവശാൽ ആ ദിവസം ക്ലാസ് നടത്താൻ കഴിയാത്ത പക്ഷം ഏറ്റവും അടുത്ത ദിവസം തന്നെ ക്ലാസ് നടത്തുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രിൻസിപ്പാൾമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു.

ഹയർ സെക്കന്ററി വിദ്യാലയങ്ങളിലെ എല്ലാ അദ്ധ്യാപകരും അവരുടെ പിരീയഡുകളിൽ അവർ പഠിപ്പിക്കുന്ന വിഷയത്തിലെ തുടർ പഠന സാധ്യതകളെപ്പറ്റിയും തൊഴിൽ സാധ്യതകളെക്കുറിച്ചും അന്നേ ദിവസം 15 മിനിറ്റിൽ കുറയാത്ത ഒരു അവബോധ ക്ലാസ് വിദ്യാർത്ഥികൾക്ക് നൽകേണ്ടതുമാണ്.

*ഒപ്പ്*
*ഡോ.പ്രകാശൻ. പി.പി*
*ഡയറക്ടർ (i/c)*